**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6254** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തവരുടെ ജപ്തി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് തിരിച്ചടക്കാൻ പ്രയാസപ്പെടുന്നവർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊണ്ടുള്ള സഹകരണ വകുപ്പിന്റെ ഉത്തരവ്, ബാങ്ക് അധികാരികൾ അംഗീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വായ്പ തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്നവർക്ക് ഇളവുകളോടെ വായ്പാ തീർപ്പാക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്. 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടായിരുന്നു. ടി പദ്ധതി 2023 വർഷത്തിലും ഫെബ്രുവരി 01 മുതൽ മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിക്ഷേപത്തിന് അനുവദിക്കുന്ന പലിശ അടിസ്ഥാനമാക്കിയാണ് ലോണിന് പലിശ നിശ്ചയിക്കുന്നത്. എന്നാൽ ലോൺ തിരിച്ചടയ്ക്കൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | കോവിഡും പ്രളയവും മറ്റ് പ്രയാസങ്ങളും കാരണം വായ്പ തിരിച്ചടവ് സാധ്യമല്ലാത്ത സാഹചര്യത്തിൽ പലിശ കുറച്ചുകൊണ്ട് തിരിച്ചടവ് പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | വായ്പ തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്നവർക്ക് ഇളവുകളോടെ വായ്പാ തീർപ്പാക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്. 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടായിരുന്നു. ടി പദ്ധതി 2023 വർഷത്തിലും ഫെബ്രുവരി 01 മുതൽ മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിക്ഷേപത്തിന് അനുവദിക്കുന്ന പലിശ അടിസ്ഥാനമാക്കിയാണ് ലോണിന് പലിശ നിശ്ചയിക്കുന്നത്. എന്നാൽ ലോൺ തിരിച്ചടയ്ക്കൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ജപ്തി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ഒറ്റത്തവണ പദ്ധതി കാലാകാലങ്ങളിൽ നടപ്പാക്കുന്നുണ്ട്. ഈ സൗകര്യം പ്രയോജനപ്പെടുത്തി ലോൺ ക്രമീകരിക്കാനുള്ള അവസരമുണ്ട്. ടി പദ്ധതി പ്രകാരം ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ച് തീർത്ത് വായ്പാക്കാർക്ക് ജപ്തി നടപടികളിൽ നിന്നും ഒഴിവാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ